LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പരിസ്ഥിതി സംരക്ഷണം നടപ്പാക്കുന്നതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി, ഹരിതശ്രീ പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. 2014-ലാണ് പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പാക്കി തുടങ്ങിയത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2014-ൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് 19 ലക്ഷത്തിലധികം വൃക്ഷത്തൈകൾ കേരളമൊട്ടാകെ നട്ടുപരിപാലിക്കുന്ന ഹരിതശ്രീ പദ്ധതിയും വനംവകുപ്പുമായി ചേർന്ന് നടപ്പിലാക്കി.

(സി) പ്രാഥമിക പരിസ്ഥിതി സംരക്ഷണം എന്ന സംസ്ഥാന പരിസ്ഥിതി സംരക്ഷണ യജ്ഞ പരിപാടിയിൽ പങ്കാളിയാകാൻ പത്ര മാധ്യമങ്ങൾ വഴിയും ഡിപ്പാർട്ടുമെന്റ് വെബ്സൈറ്റ് വഴിയും കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിരുന്നു. പൊതുജന പങ്കാളിത്തത്തോടുകൂടി പ്രാദേശികമായി പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരിസ്ഥിതിക്ക് പ്രത്യക്ഷമായ നേട്ടം ഉണ്ടാകുന്ന തരത്തിൽ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെടുന്ന 32 ഗ്രാമപഞ്ചായത്തുകൾ വഴിയാണ് നടപ്പാക്കുന്നത്. ഇതിനായി ഒരു പഞ്ചായത്തിന് പരമാവധി 2.5 ലക്ഷം രൂപ നിരക്കിൽ ധനസഹായവും അനുവദിച്ചിരുന്നു.

(ഡി) സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള അടിയന്തിരവും ഫലപ്രദവുമായ കർമ്മ പദ്ധതി എന്ന നിലയിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്ക് 24-5-2014-ലെ സ.ഉ.(സാധാ) നമ്പർ 89/2014/പരി. പ്രകാരം ഭരണാനുമതി നല്കിയിരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി 80 ലക്ഷം രൂപ '3435-03-003-99-പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും' എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന് അനുമതിയും നൽകി. പ്രസ്തുത തുകയിൽ 79,40,000 രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി

16 (*15) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ :

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഏതു മത്സ്യഗ്രാമങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി മത്സ്യ തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ-സി) വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത മത്സ്യ ഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ 2 കോടി രൂപ വരെ തുകകൾ മുഖ്യമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി 1800 ഭവനങ്ങളും 1000 ഭവന അറ്റകുറ്റപ്പണി ധനസഹായവും, 1336 വ്യക്തിഗത സാനിട്ടേഷൻ എന്നിവയുള്ള ധനസഹായവും ഈ പദ്ധതി മുഖേന ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നു. വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 57 ഗ്രാമങ്ങളിലാണ് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്. 2012-13 സാമ്പത്തിക വർഷത്തിൽ പരുത്തിയൂർ, പൂന്തുറ, പുതുക്കുറിച്ചി, വിഴിഞ്ഞം, വെട്ടുർ, പൊഴിയൂർ, ശക്തികുളങ്കര, പുറക്കാട്, കാട്ടൂർ, പള്ളിത്തോട് സൗത്ത്, പള്ളിത്തോട് നോർത്ത്, അർത്തുങ്കൽ, കുമ്പളം, ഉദയംപേരൂർ, പള്ളിപ്പുറം, വടക്കേക്കര, എടക്കഴിയൂർ കടപ്പുറം, വെങ്കിടങ്ങ്, പാവണ്ണ, അരിയല്ലൂർ, കൊയിലാണ്ടി, എലത്തൂർ, ചാലിൽ ഗോപാൽപേട്ട, കോട്ടിക്കുളം, ബേംഗര മഞ്ചേശ്വരം എന്നീ 25 മത്സ്യഗ്രാമങ്ങളിലും 2013-14 സാമ്പത്തിക വർഷത്തിൽ വലിയഴീക്കൽ, തുമ്പ, അടിമലത്തുറ, കണ്ണാന്തുറ, നീണ്ടകര, പുത്തൻതുറ, ഇരവിപുരം, ആറാട്ടുപുഴ, പുന്നപ്ര, മാനാശ്ശേരി, ഇടവനക്കാട്, ആനാപ്പുഴ, പുറങ്ങാട്, താനൂർ, പരപ്പനങ്ങാടി, വെള്ളയിൽ, തയ്യിൽ, അഴിക്കോട്, വലിയപറമ്പ, ചിറിയ എന്നീ 20 മത്സ്യഗ്രാമങ്ങളിലും 2014-15 സാമ്പത്തിക വർഷത്തിൽ ആലപ്പാട്, തെക്കുംഭാഗം/തേവലക്കര, വാടാനപ്പള്ളി, വൈക്കം, കോയിൽപ്പാടി, എടക്കാട്, കസബ, മടപ്പള്ളി, ചിലക്കൂർ, കുട്ടായി, മാമ്പള്ളി, പള്ളിത്തുറ എന്നീ 12 മത്സ്യഗ്രാമങ്ങളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 57 മത്സ്യഗ്രാമങ്ങളിലായി കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കുടിവെള്ള വിതരണം (57 എണ്ണം)	-	51.39 കോടി രൂപ
വൈദ്യുതീകരണം (57 എണ്ണം)	-	23.03 കോടി രൂപ
സാനിട്ടേഷൻ (20 പബ്ലിക് ടോയ്‌ലറ്റ്, 3525 വ്യക്തിഗത ടോയ്‌ലറ്റുകൾ)	-	11.58 കോടി രൂപ
ലൈബ്രറി സഹായം (32 എണ്ണം)	-	8.99 കോടി രൂപ
ഹൈമാസ്റ്റ് ലൈറ്റുകൾ (104 എണ്ണം)	-	7.79 കോടി രൂപ
ജീവനോപാധി സഹായം (1 മത്സ്യമാർക്കറ്റ്, 1862 വള്ളവും വലയും)	-	8.90 കോടി രൂപ

ട്രോളിംഗ് നിരോധനം

17 (*17) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനം അനുഭവിയെന്ന് ദിവസമാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്തിനും ബാധകമാണോ ; ഇത് എന്ന മുതലാണ് നിലവിൽ വന്നിരുന്നത് ; ട്രോളിംഗ് നിരോധന കാലയളവ് ഉയർത്തിയ തീരുമാനം പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര സർക്കാരിനെ സമീപിച്ച് തീരുമാനം മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ടോ ; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ ഭാഗമായി എന്ത് മാറ്റമാണ് കേന്ദ്ര സർക്കാർ വരുത്തിയിരിക്കുന്നത് ; വിശദമാക്കാമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) കേന്ദ്ര ഗവൺമെന്റിന്റെ 10-4-2015-ലെ 30035/15/97 FY(T-1) Vol. IV നമ്പർ ഉത്തരവ് പ്രകാരം വെസ്റ്റ് കോസ്റ്റിൽ (പടിഞ്ഞാറൻ മേഖലയിൽ) ടെറിട്ടോറിയൽ വാട്ടേഴ്സിന് പുറത്ത് ഇന്ത്യയുടെ തനത് സാമ്പത്തിക മേഖലയിലാണ് (12nm-20nm) (EEZ) ജൂൺ 1 മുതൽ ജൂലൈ 31 വരെ 61 ദിവസത്തെ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ട്രോളിംഗ് നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly